പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ 100 | 20.03.2012- ൽ മറുപടിക്ക്

## ദുരന്തനിവാരണ അതോറിറ്റി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. അജിത്<br>ശ്രീ. വി.എസ് സുനിൽകുമാർ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. ഇ. ചന്ദ്രശേഖരൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്ത് ദുരന്തനിവാരണ അതോറിറ്റി രൂപീകരിച്ചത് എപ്പോഴാണ്; ഈ അതോറിറ്റിയുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാം; | (എ) | ദേശീയ ദുരന്ത നിവാരണ നിയമം 2005 ന് അനുസൃതമായി സംസ്ഥാന സർക്കാർ രൂപീകരിച്ച സംസ്ഥാന ദുരന്ത നിവാരണ ചട്ടങ്ങൾ 2007 പ്രകാരം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി രൂപീകരിച്ച് കൊണ്ട് (സ.ഉ(പി)71/2007 ഡി.എം.ഡി തീയതി01.03.2007 പ്രകാരം) വിജ്ഞാപനം ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും നിയന്ത്രിക്കുന്നതിനും അവലോകനം ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനും നടപ്പാക്കുന്നതിനുമുള്ള പരമോന്നത സമിതിയായി കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പ്രവർത്തിക്കുന്നു. 2005 ലെ ദേശീയ ദുരന്ത നിവാരണ നിയമം അനുസരിച്ച് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ താഴെ പറയും പ്രകാരമാണ്.<br>1. സംസ്ഥാന ദുരന്ത നിവാരണ നയം രൂപീകരിക്കുക.<br>2. ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ മാർഗ നിർദ്ദേശങ്ങൾ അനുസരിച്ച് സംസ്ഥാന ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കുക.<br>3. സർക്കാരിന്റെ വിവിധ വകുപ്പുകൾ തയ്യാറാക്കുന്ന ദുരന്ത നിവാരണ പദ്ധതികൾ പരിശോധിച്ച് അംഗീകരിക്കുക.<br>4. പദ്ധതികളുടെ നിർവ്വഹണം ഏകോപിപ്പിക്കുക.<br>5. ദുരന്ത ലഘൂകരണത്തിനും തയ്യാറെടുപ്പിനുമുള്ള ഫണ്ടുകളുടെ മേൽനോട്ടം നിർവ്വഹിക്കുക.<br>6. വിവിധ വകുപ്പുകളുടെ വികസന പദ്ധതികളിൽ ദുരന്ത നിവാരണത്തിനും ലഘൂകരണത്തിനുമുള്ള നടപടികൾ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തുക.<br>7. ദുരന്ത ലഘൂകരണം, തയ്യാറെടുപ്പ്, കാര്യശേഷി വർദ്ധിപ്പിക്കൽ എന്നിവയിന്മേൽ വിവിധ സർക്കാർ വകുപ്പുകൾ സ്വീകരിച്ച നടപടികൾ അവലോകനം ചെയ്ത് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുക. |

| | | | |
|---|---|---|---|
| (ബി) | ദുരന്തനിവാരണ സേന രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഈ സേനയുടെ പ്രവർത്തനഘടന എന്തായിരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | ദുരന്ത നിവാരണ സേന രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ജില്ലാതല ദുരന്ത നിവാരണ സേന, സംസ്ഥാനതല ദുരന്ത നിവാരണ സേന എന്നിങ്ങനെ രണ്ട് വിഭാഗങ്ങൾ ഉൾക്കൊള്ളുന്നതാണ് ഇപ്പോൾ വിഭാവനം ചെയ്തിരിക്കുന്ന ദുരന്ത നിവാരണ സേന. സംസ്ഥാന പോലീസ് സേനയിൽ നിന്നുമുള്ള അംഗങ്ങളെ ഉൾപ്പെടുത്തികൊണ്ട് ഏകദേശം മുന്നൂറോളം അംഗങ്ങളുള്ള സംസ്ഥാന ദുരന്ത നിവാരണ സേനയും ഓരോ ജില്ലയിലും ജോലി ചെയ്യുന്ന 20 അംഗങ്ങളെ വീതം ഉൾപ്പെടുത്തി ജില്ലാ ദുരന്ത നിവാരണ സേനയും രൂപീകരിക്കാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. |
| (സി) | സ്കൂൾ വിദ്യാർത്ഥികൾക്കു വേണ്ടി ദുരന്തനിവാരണവുമായി ബന്ധപ്പെട്ട എന്തെങ്കിലും പദ്ധതികളുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) | സ.ഉ(എം.എസ്)നം.414/2010/ഡി.എം.ഡി തീയതി 11.10.2010 പ്രകാരം കേരളത്തിലെ എല്ലാ സ്കൂളുകളിലും സുരക്ഷാ ക്ലബ്ബുകൾ രൂപീകരിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. കേരളത്തിൽ തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന കുട്ടികളുമായി ബന്ധപ്പെട്ട ദുരന്തങ്ങളിൽ നിന്ന് പാഠം ഉൾക്കൊണ്ടും, ദുരന്തങ്ങളെക്കുറിച്ചും ദുരന്തനിവാരണ പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള അവബോധം കുട്ടികളിൽ സൃഷ്ടിക്കേണ്ട ആവശ്യകത കണക്കിലെടുത്തും, ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്നായ സ്ക്കൂൾ സുരക്ഷ എന്ന ആശയം സംസ്ഥാനത്ത് പ്രാവർത്തികമാക്കുന്നതിന്റെയും ഭാഗമായാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. കൂടാതെ ദുരന്ത നിവാരണവും ലഘൂകരണവും പ്രൈമറിതലം മുതൽ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന ഒരു നിർദ്ദേശവും 2012 മാർച്ച് 4 മുതൽ 10 വരെ തിരുവനന്തപുരത്ത് നടത്തിയ "സുരക്ഷായാനം 2012" എന്ന അന്താരാഷ്ട്ര ശില്പശാലയോടും - പ്രദർശനത്തോടുമനുബന്ധിച്ച് ഉയർന്നു വന്നിട്ടുണ്ട്. ഇക്കാര്യവും സർക്കാർ ഗൗരവമായി പരിഗണിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ